വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ വൈദ്യുതി

114 (481) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിന് വൈദ്യുതി ലഭ്യമാക്കുമെന്ന കേന്ദ്ര വൈദ്യുതിമന്ത്രിയുടെ പ്രഖ്യാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കേന്ദ്രമന്ത്രിയുടെ പ്രഖ്യാപനം നടപ്പായിട്ടുണ്ടോ ; ഉണ്ടെങ്കിൽ കേരളത്തിന് എത്ര മെഗാവാട്ട് വൈദ്യുതിയാണ് ലഭിക്കുന്നത് ; എന്നുമുതലാണ് ലഭിച്ചുതുടങ്ങിയത് ; വില എപ്രകാരമാണ് ;

(സി) ഈ വൈദ്യുതി കൊണ്ടുവരുന്നതിന് ട്രാൻസ്മിഷൻ ലൈൻ ലഭ്യമാണോ ; ഏതു ലൈനിലൂടെയാണ് വൈദ്യുതി ലഭിക്കുന്നത് ;

(ഡി) ട്രാൻസ്മിഷൻ ലൈനിന്റെ അഭാവംമൂലം ഈ വൈദ്യുതി ലഭിക്കാത്ത സാഹചര്യമുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. എന്നാൽ ആയതുമായി ബന്ധപ്പെട്ട ഔദ്യോഗിക അറിയിപ്പുകൾ ഒന്നുംതന്നെ ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) 2013-ൽ ഛത്തീസ്ഗഡിലെ പവർ ഡിസ്ട്രിബ്യൂഷൻ കമ്പനിയിൽ നിന്നും 297 മെഗാവാട്ട് വൈദ്യുതിയും ജാർഖണ്ഡിലെ മൈതൺ പവർ ലിമിറ്റഡിൽ നിന്നും 140 മെഗാവാട്ട് വൈദ്യുതിയും ട്രാൻസ്മിഷൻ ഇടനാഴിയുടെ അപര്യാപ്തത കാരണം ഭാഗികമായി മാത്രമേ ലഭിച്ചിരുന്നുള്ളൂ. നഥേന്ദ്ര-കൊൽഹാപൂർ 765 കെ.വി. ലൈൻ കമ്മീഷൻ ചെയ്യുന്ന മുറയ്ക്ക് മേൽപ്പറഞ്ഞ മുഴുവൻ വൈദ്യുതിയും കേരളത്തിന് ലഭ്യമാകുമെന്ന് പവർഗ്രിഡ് കോർപ്പറേഷൻ (PGCIL) അറിയിച്ചിട്ടുണ്ട്.

(ഡി) മേൽപ്പറഞ്ഞ പ്രസരണ ലൈൻ ഭാഗികമായി മാത്രമേ കമ്മീഷൻ ചെയ്തിട്ടുള്ളൂ. ആയതിനാൽ കേന്ദ്ര വൈദ്യുതി മന്ത്രി പ്രഖ്യാപിച്ച വൈദ്യുതി ഇതുവരെ കേരളത്തിന് ലഭിച്ചു തുടങ്ങിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly